"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വേ നമ്പർ 94/2, 94/4 എന്നിവയിൽ യഥാക്രമം 0.42 ആർ, 01.20 ആർ എന്നിങ്ങനെ ആകെ 01.62 ആർ ഭൂമി നിലവിലെ താമസക്കാരായ ശ്രീ. കബീർ, ശ്രീമതി. ഹമീദ, വിഴിഞ്ഞം എന്നിവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പതിവധികാരിക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.4/2026/RD    തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. ശ്രീ. കബീർക്കണ്ണ്, ശ്രീമതി ഹമീദ എന്നിവരുടെ അപേക്ഷ.
2. ജില്ലാ കളക്ടറുടെ 14.03.2025, 31.05.2025 എന്നീ തീയതികളിലെ ബി.3/46822/17 നമ്പർ കത്തുകൾ.
3. ലാൻറ് റവന്യൂ കമ്മീഷണറുടെ 21.10.2025, 04.11.2025 തീയതികളിലെ എൽ. ആർ/3613/2025-എൽ. ആർ. (ജെ.6) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ശ്രീ. കബീർക്കണ്ണ്, ശ്രീമതി ഹമീദ എന്നിവർക്ക് ആദ്യം അനുവദിച്ച ഭൂമി താമസയോഗ്യമല്ലാത്തതിനാൽ പകരം ഭൂമി കണ്ടെത്തി നൽകണമെന്ന ടിയാളുടെ അപേക്ഷയിന്മേൽ മറ്റ് ഭൂമി കണ്ടെത്തി നൽകാൻ മത്സ്യഫെഡ് നിർദ്ദേശിച്ചിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വേ നമ്പർ 94/2, 94/4 എന്നിവയിൽ യഥാക്രമം 0.42 ആർ, 01.20 ആർ എന്നിങ്ങനെ ആകെ 01.62 ആർ ഭൂമി അപേക്ഷകർ പേരിൽ പതിച്ച് നൽകണമെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ബി.റ്റി.ആർ പ്രകാരം സർക്കാർ വിഴിഞ്ഞം ഹാർബർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ടി വസ്തു അപേക്ഷകർക്ക് പതിച്ചു നൽകുന്നതിൽ ആക്ഷേപമില്ലെന്ന് ഹാർബർ എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നും, ടിയാളുകൾ പതിവിന് അർഹരും ടിയാളുടെ വാർഷിക വരുമാനം 36,000/- രൂപയുമാണെന്നും, ടി ഭൂമിയല്ലാതെ അപേക്ഷകർക്ക് മറ്റ് ഭൂമി ഒന്നും ഇല്ലാത്തതുമാണെന്നും, അപേക്ഷകർക്ക് ഭൂമി പതിച്ച് നൽകുന്നതിലേക്കായി 7(1) നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിൽ ആക്ഷേപങ്ങൾ ഒന്നും ലഭിച്ചിട്ടില്ലാത്തതുമാണെന്നും, ആകയാൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വേ നമ്പർ 94/2-ൽ 0.42 ആർ, 94/4-ൽ 01.20 ആർ എന്നിങ്ങനെ ആകെ 01.62 ആർ ഭൂമി ബി.റ്റി.ആർ പ്രകാരം സർക്കാർ വിഴിഞ്ഞം ഹാർബർ

എന്നത് ഇനം മാറ്റി സർക്കാർ തരിശാക്കി മാറ്റി ശ്രീ. കബീർക്കണ്ണ്, ശ്രീമതി ഹമീദ എന്നിവർക്ക് പതിച്ച് നൽകുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നാണ് പരാമർശം (2)&(3) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ശ്രീ. കബീർക്കണ്ണ്, ശ്രീമതി ഹമീദ എന്നിവർക്ക് ആദ്യം അനുവദിച്ച ഭൂമി താമസയോഗ്യമല്ലാത്തതിനാൽ പകരം കണ്ടെത്തിയ ബി.റ്റി.ആർ പ്രകാരം സർക്കാർ വിഴിഞ്ഞം ഹാർബർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 ൽ റീസർവ്വേ നമ്പർ 94/2 ൽ 0.42 ആർ, 94/4 ൽ 01.20 ആർ എന്നിങ്ങനെ ആകെ 01.62 ആർ ഭൂമി ഇനം മാറ്റി സർക്കാർ തരിശാക്കി മാറ്റി ശ്രീ. കബീർ, ശ്രീമതി. ഹമീദ, ഹൗസ് നം.313, വിഴിഞ്ഞം, തിരുവനന്തപുരം എന്നിവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പതിവധികാരിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
ജില്ലാ കലക്ടർ, തിരുവനന്തപുരം.
ശ്രീ. കബീർ, ശ്രീമതി. ഹമീദ, ഹൗസ് നം.313, വിഴിഞ്ഞം,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം.
വിവര-പൊതു ജനസമ്പർക്ക (വെബ്& ന്യൂമീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
സെക്ഷൻ ഓഫീസർ.
Date: 05-01-2026 17:58:55

പകർപ്പ് : റവന്യു വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
റവന്യു സെക്രട്ടറിയുടെ പി. എ. ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി. എ. ക്ക്